**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | **താലൂക്ക് ആശുപത്രിയും കോതമംഗലം പോലീസ് സ്റ്റേഷനും തമ്മിൽ ഒരു കിലോമീറ്റർ ദൂരമാണുള്ളത്. താലൂക്ക് ആശുപത്രിയിലും പരിസരത്തും പോലീസ് സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതിനായി പകൽ സമയത്തും രാത്രി കാലങ്ങളിലും നിരന്തരം പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടത്തി വരുന്നതും ആശുപത്രി കോമ്പൗണ്ടിനകത്ത് പട്ടാ ബുക്ക് സ്ഥാപിച്ചിട്ടുള്ളതുമാണ്. ആശുപത്രിയുടെ പ്രധാന കവാടത്തിലും, അത്യാഹിത വിഭാഗത്തിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ കോതമംഗലം താലൂക്ക് ആശുപത്രിയിൽ പകൽ സമയം 3 പേരും രാത്രി സമയം 2 പേരും ഉൾപ്പെടെ ആകെ 5 സെക്യൂരിറ്റി ജീവനക്കാർ ഡ്യൂട്ടി ചെയ്തു വരുന്നുണ്ട്. പുതുതായി എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ